## കേരള സർക്കാർ

### സംഗ്രഹം

വനിതാ-ശിശു വികസന വകുപ്പ് - സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനിതാ-ശിശു വികസന (സി) വകുപ്പ്

**G.O.(Rt)No.295/2026/WCDD** **Dated,20/08/2026**

എ.എസ് നമ്പർ : AS/WCD/26/52383 കാലാവധി : 31/03/2027

പരാമർശം:- 1. വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറുടെ 19.05.2026-ലെ DWCD/2495/2026–ICPS2 നമ്പർ കത്ത്
2. 24.07.2026-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടി കുറിപ്പ്

### ഉത്തരവ്

വനിതാ-ശിശു വികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ ട്യൂഷൻ/സ്പെഷ്യൽ ട്യൂഷൻ ഫീസ്, അഡ്മിഷൻ ഫീസ്, കോഴ്സ് ഫീസ്, പഠന സാമഗ്രികൾ, സ്കൂൾ ആവശ്യങ്ങൾക്കായുള്ള വാഹന സൗകര്യം എന്നിങ്ങനെ 2026-27 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ചെലവുകൾക്കായി 90,36,000/-രൂപയും, 2025-26 അധ്യയന വർഷത്തിൽ എഡ്യൂക്കേഷൻ ഫണ്ട് ഇനത്തിൽ അലോട്ട്മെന്റ് ആക്കുവാൻ സാധിക്കാതിരുന്ന 10,71,750/- രൂപയും ചേർത്ത് ആകെ ആവശ്യമായ 1,01,07,750/-രൂപയുടെ 80% തുകയായ 80,86,200/- രൂപ (എൺപത് ലക്ഷത്തി എൺപത്തിയാറായിരത്തി ഇരുന്നൂറ് രൂപ മാത്രം) 2235–02–102–36(02) P എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായി സാമ്പത്തിക വിശകലനം സഹിതം വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്. വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ 24.07.2026-ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.

## Head Of Account

AS/WCD/26/52383

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-102-36-02-00-0-P-V | 80,86,200 | AS/WCD/26/52383 | 2027-03-31 |

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | വിദ്യാഭ്യാസ ഫണ്ട് ഐ സി പി എസ് | 80,86,200 |
| ആകെ (എണ്പത് ലക്ഷത്തി എൺപത്തി ആറായിരത്തി ഇരുന്നൂറ് രൂപ) | | **80,86,200** |

2. മേൽ സാഹചര്യത്തിൽ, ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ ട്യൂഷൻ/സ്പെഷ്യൽ ട്യൂഷൻ ഫീസ്, അഡ്മിഷൻ ഫീസ്, കോഴ്സ് ഫീസ്, പഠന സാമഗ്രികൾ, സ്കൂൾ ആവശ്യങ്ങൾക്കായുള്ള വാഹന സൗകര്യം എന്നിങ്ങനെ 2026-27 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ചെലവുകൾക്കായി 90,36,000/-രൂപയും, 2025-26 അധ്യയന വർഷത്തിൽ എഡ്യൂക്കേഷൻ ഫണ്ട് ഇനത്തിൽ അലോട്ട്മെന്റ് ആക്കുവാൻ സാധിക്കാതിരുന്ന 10,71,750/- രൂപയും ചേർത്ത് ആകെ 1,01,07,750/- രൂപയുടെ 80% തുകയായ 80,86,200/-രൂപ (എൺപത് ലക്ഷത്തി എൺപത്തിയാറായിരത്തി ഇരുന്നൂറ് രൂപ മാത്രം) 2235-02-102-36(02)P എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

AS/WCD/26/52383

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

വനിതാ-ശിശു വികസന വകുപ്പ്

To

ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിതാ ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.21 02:17:06 +05:30